## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, തൃശ്ശൂർജില്ല

### പ്രവചന കാലയളവ് 25.6.2022 മുതൽ 29.6.2022 വരെ

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കലാവസ്ഥാവകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ.എ.എസ് ബുള്ളറ്റിൻ നമ്പർ 25/2022,(50) വെള്ളിയാഴ്ച | തീയ്യതി 24/6/2022 |
|---|---|

1. കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:

| മഴ (മി.മി) | ഉയർന്ന താപനില (°C) | കുറഞ്ഞ താപനില (°C) | കൂടിയ അന്തരീക്ഷ ആർദ്രത (%) | കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | കാറ്റിന്റെവേഗത (കിലോമീറ്റർ/ മണിക്കൂർ) | സൂര്യപ്രകാശ ത്തിന്റെ അളവ് (മണിക്കൂർ) | ബാഷ്പീകരണം (മി.മി) |
|---|---|---|---|---|---|---|---|
| (107.9) | (30.3 -31.7) | (22.5-23.7) | (92-99) | (61-78) | (1.2-2.7) | (0.2-6.3) | (2.7-3.7) |

2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം:

| കാലാവസ്ഥാ ഘടകങ്ങൾ | 25.6.2022 | 26.6.2022 | 27.6.2022 | 28.6.2022 | 29.6.2022 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 15 | 12 | 12 | 6 | 14 |
| ഉയർന്ന താപനില (°C) | 31 | 31 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C) | 23 | 23 | 23 | 23 | 23 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 95 | 95 | 95 | 95 | 95 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 80 | 80 | 80 | 80 | 80 |
| കാറ്റിന്റെവേഗത(കിലോമീറ്റർ/മണിക്കൂർ) | 3 | 5 | 4 | 4 | 4 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 230 | 230 | 230 | 320 | 290 |
| മേഘവ്യാപ്തി (ഒക്ട) | 8 | 8 | 8 | 8 | 8 |

കാലാവസ്ഥാ അറിയിപ്പ്: ജില്ലയിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്കും ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ശക്തമായ മഴയ്ക്കും സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കുടുതൽ മഴ ലഭിക്കാൻ സാധ്യത.

**അടുത്ത അഞ്ച് ദിവസത്തേക്കുള്ള മഴയുടെ പ്രവചനം**

| 2022 ജൂൺ 25 | 2022 ജൂൺ 26 | 2022 ജൂൺ 27 | 2022 ജൂൺ 28 | 2022 ജൂൺ 29 |
|---|---|---|---|---|
| നേരിയ മഴ | നേരിയ മഴ | നേരിയ മഴ | നേരിയ മഴ | നേരിയ മഴ |

3. വിള പരിപാലനത്തിനുള്ള പൊതുനിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

**പൊതുനിർദ്ദേശങ്ങൾ:** കാലവർഷം ആരംഭിച്ചതിനാൽ കാർഷിക വിളകൾക്ക് പ്രത്യേക വിളപരിപാലനം നടത്തേണ്ടതാണ്. താഴ്ന്ന പ്രദേശങ്ങളിൽ നീർവാർച്ചാ സൗകര്യങ്ങൾ ഉറപ്പു വരുത്തുക. മണ്ണ് പരിശോധ നടത്തി മണ്ണിൽ അമ്ലത്വം കൂടുതൽ കാണപ്പെടുകയാണെങ്കിൽ ആവശ്യത്തിന് കുമ്മായം ചേർത്തുകൊടുക്കുക. **മഴയില്ലാത്ത സമയത്തു മാത്രം കീടനാശിനി പ്രയോഗം നടത്തുക.**

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക/ മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| ഇഞ്ചി ,മഞ്ഞൾ | മൂട്ടചീയൽ | മഴക്കാലത്ത് ഇഞ്ചിയിലും, മഞ്ഞളിലും മൂട്ടചീയൽ രോഗം വ്യാപിക്കാതിരിക്കാൻ 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിച്ച് കൊടുക്കുകയോ ,തടത്തിൽ ഒഴിച്ച് കൊടുക്കുകയോ ചെയ്യാം. **മഴയില്ലാത്ത സമയത്തു മാത്രം കീടനാശിനി പ്രയോഗം നടത്തുക.** |
| പച്ചക്കറികൾ (പയർ, മുളക് ) | കരിവള്ളിക്കേട് | മഴക്കാലത്ത് പയർ, മുളക് എന്നിവയിൽ കരിവള്ളിക്കേട് എന്ന രോഗം കാണാനിടയുണ്ട്. പ്രതിവിധിയായി 1% വീര്യമുള്ള ബോർഡോമിശ്രിതം കലക്കി തളിക്കുക. അല്ലെങ്കിൽ 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. **മഴയില്ലാത്ത സമയത്തു മാത്രം കീടനാശിനി പ്രയോഗം നടത്തുക.** |
| നെല്ല് (വിരിപ്പ്) | നിലമൊരുക്കൽ മുതൽ പറിച്ചുനടീൽ വരെ | മഴക്കാലത്ത് നെല്ലിൽ പോളരോഗം, പോള അഴുകൽ, ഇലപ്പുള്ളി രോഗങ്ങൾ എന്നിവ വരാൻ സാധ്യതയുണ്ട്. മുൻകരുതലായി ഒരു കി.ഗ്രാം നെൽ വിത്ത് സ്യൂഡോമോണാസ് കൾച്ചറിന്റെ ലായനിയിൽ അരമണിക്കൂർ കുതിർത്തു വെച്ച് വിതയ്ക്കുക. അല്ലെങ്കിൽ ഞാറിന്റെ വേര് സ്യൂഡോമോണാസ് കൾച്ചറിന്റെ ലായനിയിൽ അരമണിക്കൂർ മുക്കിവെച്ച് നടുക. (പത്ത് ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി സ്യൂഡോമോണാസ് കൾച്ചറിന്റെ ലായനി തയ്യാറാക്കാം.) |
| മൃഗസംരക്ഷണം (CAADECCS, KVASU,മണ്ണുത്തി) | ജല സ്രോതസുകളിൽ രോഗാണുക്കളുള്ള മലിന ജലം കലരാൻ ഇടയുള്ളതിനാൽ അണുനാശിനി ചേർത്ത് ശുദ്ധീകരിച്ച വെള്ളം മാത്രം കുടിക്കാൻ കൊടുക്കുക. | |